<u>പത്രക്കുറിപ്പ്</u>

# സൈബർ കുറ്റകൃത്യങ്ങൾ തടയാൻ സിറ്റി പോലീസിന്റെ ബോധവൽക്കരണ മാസാചരണം ആഗസ്റ്റിൽ

# <u>വാരാന്ത്യ ലോക്ക്ഡൗൺ:-</u>

## രണ്ട് ദിവസം നഗരത്തിൽ കർശന നിയന്ത്രണങ്ങൾ

## അനാവശ്യമായി യാത്ര ചെയ്യുന്നവർക്കെതിരെ കേസ്സെടുക്കുകയും വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്യും

## ജ്യേഷ്ഠനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ അനുജൻ പിടിയിൽ

തിരുവനന്തപുരം:- സമീപകാലത്ത് ഓൺലൈൻ പണം തട്ടിപ്പും മറ്റു സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം സിറ്റി പോലിസ്, ആഗസ്റ്റ് മാസം സൈബർ ക്രൈം ബോധവൽക്കരണ മാസമായി ആചരിക്കുമെന്ന് ഐ.ജി.പിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു.

ഓൺലൈൻ തട്ടിപ്പുകളിലൂടെ പണം നഷ്ടപ്പെടുന്ന 95 ശതമാനം കേസുകളും ഉപഭോക്താക്കളുടെ അശ്രദ്ധ കൊണ്ടാണ് സംഭവിക്കുന്നത്. അതിനാൽ വിവിധ സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അവ എങ്ങനെ തടയാം എന്നതിനെക്കുറിച്ചും പൊതുജനങ്ങളെ ബോധവാൻമാരക്കുന്നതിന് വേണ്ടിയാണ് സിറ്റി പോലീസ് ബോധവൽക്കരണ മാസം ആചരിക്കുന്നത്. ഇതിന്റെ ഭാഗമായി

സിറ്റി സൈബർ സെല്ലിന്റെ നേതൃത്വത്തിൽ വിവിധ മാർഗ്ഗ നിർദ്ദേശങ്ങളും പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെ ക്കുറിച്ചും പത്രമാധ്യമങ്ങളിലൂടെയും നവ മാധ്യമങ്ങളിലൂടെയും സിറ്റി പോലീസ് പ്രചരിപ്പിക്കുമെന്നും കമ്മീഷണർ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു.

## വാരാന്ത്യ ലോക്ക്ഡൗൺ:-

## രണ്ട് ദിവസം നഗരത്തിൽ കർശന നിയന്ത്രണങ്ങൾ

### അനാവശ്യമായി യാത്ര ചെയ്യുന്നവർക്കെതിരെ കേസ്സെടുക്കുകയും വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്യും

തിരുവനന്തപുരം:- ശനി, ഞായർ ദിവസങ്ങളിൽ സമ്പൂർണ്ണ ലോക്ക്ഡൗൺ ആയതിനാൽ, ഈ രണ്ട് ദിവസങ്ങളിലും നഗരത്തിൽ കർശന നിയന്ത്രണങ്ങൾ നടപ്പിലാക്കുമെന്ന് ഐ.ജി.പി-യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

നഗരാതിർത്തി പ്രദേശങ്ങൾ പോലീസ് ബാരിക്കേഡ് വച്ച് അടച്ച് കർശനപരിശോധന നടത്തും. രാവിലെ 6.00 മണി മുതൽ പരിശോധന ആരംഭിക്കും. നഗരത്തിനുള്ളിലേയ്ക്കും പുറത്തേയ്ക്കും വാഹനയാത്ര അനുവദിക്കില്ല. അനാവശ്യമായി യാത്ര നടത്തുന്നവർക്കെതിരെ കേസ്സെടുക്കുകയും വാഹനം പിടിച്ചെടുക്കുകയും ചെയ്യും. കൂടാതെ, നഗരത്തിലെ എല്ലാ സ്റ്റേഷൻ പരിധികളിലുമുള്ള പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് 70 ചെക്കിംങ് പോയിന്റുകളും ക്രമീകരിച്ചിട്ടുണ്ട്. ഈ ദിവസങ്ങളിൽ ഗതാഗതം പൊതുവേ കുറവായതിനാൽ ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരേയും മറ്റ് സ്പെഷ്യൽ യൂണിറ്റുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരേയും പരിശോധനാ ഡ്യൂട്ടിയ്ക്കായി നിയോഗിക്കും.

അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കും അവശ്യസർവ്വീസ് വിഭാഗങ്ങൾക്കും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്കും മാത്രമേ യാത്ര അനുവദിക്കുകയുള്ളൂ. പ്രഭാത-സായാഹ്ന സവാരി ഈ ദിവസങ്ങളിൽ അനുവദിക്കില്ല. സർക്കാർ അനുവദിച്ചിട്ടുള്ള അവശ്യസർവ്വീസ് വിഭാഗങ്ങളിൽ പ്രവർത്തിയെടുക്കുന്നവർ ജോലി സ്ഥലത്തേയ്ക്കും തിരികെയും നിശ്ചിതസമയങ്ങളിൽ മാത്രം യാത്ര ചെയ്യേണ്ടതും ഇവർ ഔദ്യോഗിക തിരിച്ചറിയൽ കാർഡും മേലധികാരിയുടെ സർട്ടിഫിക്കറ്റും കൈയ്യിൽ കരുതേണ്ടതുമാണ്. ട്രെയിൻ, വിമാനയാത്രക്കാർക്ക് ടിക്കറ്റും മറ്റു യാത്രാരേഖകളും കാണിച്ചാൽ യാത്ര അനുവദിക്കും. കൃത്യമായ രേഖകൾ കാണിച്ച് വാക്സിൻ എടുക്കാൻ പോകുന്നവർക്കും യാത്ര ചെയ്യാവുന്നതാണ്.

മെഡിക്കൽ സ്റ്റോറുകളും, പാൽ, പച്ചക്കറി, അവശ്യഭക്ഷണ സാധനങ്ങൾ വിൽക്കുന്ന കടകളും മാത്രമേ തുറന്ന് പ്രവർത്തിക്കാൻ പാടുള്ളൂ. ഹോട്ടലുകളിൽ ഈ ദിവസങ്ങളിൽ ടേക്ക്-എവെ സംവിധാനം അനുവദിക്കില്ല. ഹോം ഡെലിവറി മാത്രമേ അനുവദിക്കൂ. ചായക്കടകൾ, തട്ടുകടകൾ എന്നിവ പ്രവർത്തിക്കാൻ പാടില്ല.

തുറന്ന് പ്രവർത്തിക്കാൻ അനുവാദമുള്ള വ്യാപാരസ്ഥാപനങ്ങൾ സമയക്രമവും കോവിഡ് പ്രോട്ടോക്കോളും കർശനമായും പാലിക്കേണ്ടതാണ്. ഇത് പരിശോധിക്കുന്നതിനായി കൂടുതൽ പട്രോളിംഗ് സംഘങ്ങളെ എല്ലാ സ്റ്റേഷൻ പരിധികളിലും നിയോഗിച്ചിട്ടുണ്ട്. അത്യാവശ്യ സാധനങ്ങൾ വാങ്ങാനായി വീടുകളിൽ നിന്നും ഒരാൾ മാത്രം പോകേണ്ടതും അടുത്തുള്ള കടകൾ തെരഞ്ഞെടുക്കേണ്ടതും സാമൂഹിക അകലം പാലിച്ച് സാധനങ്ങൾ വാങ്ങേണ്ടതുമാണ്.

പോലീസ് ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ ക്രമീകരണങ്ങളോട് എല്ലാവരും സഹകരിക്കണമെന്നും, സമ്പൂർണ്ണ ലോക്ക്ഡൗൺ ആയ രണ്ട് ദിവസങ്ങളിലും പൊതുജനങ്ങൾ അനാവശ്യമായി പുറത്തിറങ്ങാതെ വീടുകളിൽ തന്നെ കഴിയണമെന്നും, വിലക്ക് ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ കേരള എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്–2020 പ്രകാരം വിട്ടുവീഴ്ചയില്ലാത്ത കർശന നിയമനടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു.

## ജ്യേഷ്ഠനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ അനുജൻ പിടിയിൽ

തിരുവനന്തപുരം:– വിഴിഞ്ഞത്ത് യുവാവിനെ തലയ്ക്കടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ സഹോദരനായ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം നെല്ലിമൂട്ടുവിളയിൽ ജോയി (35)– യെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്


വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത ജോയി (35)

ബുധനാഴ്ച്ച രാത്രി 8.30 നാണ് സംഭവം നടന്നത്. വീട്ടുമുറ്റത്ത് നിൽക്കുകയായിരുന്ന നെല്ലിമൂട്ടുവിള ജോയ് ഹാസിൽ ജോൺ പോളിനെ തൊട്ടടുത്ത വീട്ടിൽ താമസിക്കുന്ന അനുജൻ ജോയി ഉരുളൻ തടികൊണ്ട് തലയ്ക്കടിച്ച് മാരകമായി പരിക്കേൽപ്പിക്കുകയും വീട്ടിലെ ഇലക്ട്രിക് മോട്ടോർ സ്വിച്ച് ബോർഡും മറ്റും അടിച്ചു തകർക്കുകയുമായിരുന്നു. കുടുംബ

വഴക്കിനെ തുടർന്നുള്ള വിരോധമാണ് ആക്രമണത്തിന് കാരണം. സംഭവത്തിനു ശേഷം ഒളിവിൽ പോയ പ്രതിയെ വിഴിഞ്ഞം എസ്.എച്ച്.ഒ പ്രജീഷ് ശശി, എസ്.ഐ മാരായ സമ്പത്ത്, വിനോദ്, അജിത്, സതികുമാർ, സി.പി.ഒ മാരായ കൃഷ്ണകുമാർ, അജികുമാർ, സജൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
30-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി